പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *376 — 24.06.2019 ൽ മറുപടിയ്ക്ക്

## കേരള അക്കാദമി ഫോർ സ് കിൽസ് എക്സലൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എൻ. വിജയൻ പിള്ള<br>,, എ. പ്രദീപ്കുമാർ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** തൊഴിൽ തേടുന്നവർക്കും നിലവിൽ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവർക്കും നൈപുണ്യ വികസനത്തിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br><br>**(ബി)** സ്കിൽ ഡെവലപ്മെന്റ് മിഷൻ രൂപീകരിച്ചിട്ടുണ്ടോ; തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവർക്കും ആഗോള തൊഴിൽ കമ്പോളത്തിൽ അവസരം പ്രാപ്യമാക്കുന്നതിന് അനുയോജ്യമായ രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | **(എ) & (ബി)** അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ നൈപുണ്യ വികസനത്തിനായി പ്രത്യേക പദ്ധതികളൊന്നും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് വഴി നടപ്പിലാക്കുന്നില്ല. എന്നാൽ KASE നടപ്പിലാക്കി വരുന്ന പരിശീലന പദ്ധതികളും നൽകി വരുന്ന സൗകര്യങ്ങളും എല്ലാ മേഖലകളിലും തൊഴിലെടുക്കുന്നവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. തൊഴിലന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആഗോളതലത്തിലെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-നെ സംസ്ഥാന നൈപുണ്യ വികസന മിഷനായി (സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനും അവയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ഒരു സ്കിൽ സെക്രട്ടേറിയേറ്റായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE മുഖേന നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്. |

| | | |
|---|---|---|
| | | 1.സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>i) നഴ്സിംഗ് മേഖലയിലെ നൈപുണ്യ വികസനത്തിനായി നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് ( NICE)<br>ii) സെക്യൂരിറ്റി മേഖലയിലെ നൈപുണ്യ വികസനത്തിനായി സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി ( CATS)<br>iii) ഓയിൽ ആന്റ് റിഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് ( ESPOiR)<br>iv) അധ്യാപകരുടെ നൈപുണ്യ വികസനത്തിനായി സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് (CRETT)<br>v) വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി (SWAT )<br>2. നിർമ്മാണ മേഖലയിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) എന്ന സ്ഥാപനം മുഖേന മാനേജീരിയൽ ലെവൽ, ടെക്നിക്കൽ ലെവൽ, സൂപ്പർവൈസറി ലെവൽ എന്നീ മൂന്ന് കാറ്റഗറികളിലായി പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>3. ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കുന്നതിന് പ്രാപ്തരാക്കാൻ കൗശൽ കേന്ദ്രകൾ ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | 4. ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതിന് വേണ്ടി അപ്രകാരമുള്ള പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ നൽകുന്നുണ്ട്.<br>5. ഡിസൈൻ മേഖലയിലെ ഉപരി വിദ്യാഭ്യാസ ത്തിനും പരിശീലനത്തിനും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ പ്രവർത്തിക്കുന്നുണ്ട്.<br>കൂടാതെ തൊഴിൽ അന്വേഷകരുടെ അഭിരുചി ക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ KASE എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേന നൈപുണ്യവികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ഇതുകൂടാതെ KASE മുഖേന കേന്ദ്ര നൈപുണ്യ വികസന പദ്ധതിയായ പ്രധാനമന്ത്രി കൗശൽ വികാസ് യോജനയും (PMKVY) നടപ്പിലാക്കി വരുന്നു. അഭ്യസ്തവിദ്യരായ തൊഴിലന്വേഷ കരെയും, തൊഴിൽ ദാതാക്കളെയും മറ്റു സേവന ദാതാക്കളെയും ഒരു കുടക്കീഴിൽ എത്തിക്കുന്ന ഏകജാലക സംവിധാനമായ ജോബ് പോർട്ടൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജന ങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന സംവിധാനമായ സ്കിൽ രജിസ്ട്രിയും KASE മുഖേന പ്രവർത്തന സജ്ജമായി വരുന്നു.<br>കൂടാതെ വൈവിധ്യവും തൊഴിൽ സാധ്യതയേറിയതും ആയ മേഖലകളിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ചുകൊണ്ട് കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാമിന്റെ വിശദാംശം നൽ | | (സി) പൊതു സ്വകാര്യ പങ്കാളികൾക്ക് തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്ന തിനും അംഗീകൃത നൈപുണ്യ പരിശീലന |

| | | |
|---|---|---|
| കാമോ; | | കോഴ്സുകൾ നടത്തുന്നതിനുമായി ശിപാർശകൾ സമർപ്പിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിയിരിക്കുന്ന ഏകജാലക സംവിധാനമാണ് ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയ്മെന്റ് പ്രോഗ്രാം (iSTEP). iSTEP ലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്നു വിശകലനം ചെയ്തു സാധ്യതകൾ വിലയിരുത്തി പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിന് KASE അനുമതി നൽകി വരുന്നുണ്ട്. |
| (ഡി) വ്യവസായം ഉൾപ്പെടെയുള്ള ആധുനിക തൊഴിൽ കമ്പോളത്തിൽ സ്ത്രീകൾക്കും പിന്നാക്കം നിൽക്കുന്ന വിവിധ ജനവിഭാഗങ്ങൾക്കും അർഹമായ അവസരം ലഭ്യമാക്കാൻ പ്രത്യേക പരിപാടിയുണ്ടോ; വിശദമാക്കാമോ? | | (ഡി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി അതാത് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് മികവിന്റെ കേന്ദ്രങ്ങളിലൂടെയും അക്രെഡിറ്റഡ് കോഴ്സുകളിലൂടെയും ആയുർവേദ, നഴ്സിംഗ്, ഓയിൽ ആൻഡ് റിഗ് തുടങ്ങിയ മേഖലകളിൽ പരിശീലനപദ്ധതികൾ നടപ്പാക്കിവരുന്നു. ഡ്രൈവിംഗ്, ജെറിയാട്രിക് കെയർ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടിയുള്ള പ്രത്യേക നൈപുണ്യ പരിശീലന പദ്ധതി കുടുംബശ്രീയുമായി സഹകരിച്ചും നടപ്പാക്കിവരുന്നു. |

(signature)
സെക്ഷൻ ഓഫീസർ